## പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 4851** **22.03.2018 -ൽ മറുപടിയ്ക്ക്**

### ചെറായി ബീച്ചിലെ വാട്ടർ സ്പോർട്ട്സ് പദ്ധതി

ചോദ്യം

ശ്രീ.എസ്.ശർമ്മ :

ഉത്തരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറായി ബീച്ചിൽ ഏറെ അപകടസാധ്യതയുള്ള വാട്ടർ സ്പോർട്ട്സ് പദ്ധതി നടത്തുന്നതിനായി എറണാകുളം ഡി.ടി.പി.സി. അനുവാദം നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | വാട്ടർ സ്പോർട്ട്സ് പദ്ധതി നടത്തുന്നതിനായി എറണാകുളം ഡി.ടി.പി.സി. അനുവാദം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടത്തുന്നതിന് തുറമുഖ വകുപ്പിൽ നിന്നും ലൈസൻസ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ജലകായിക വിനോദത്തിനായി ഉപയോഗിക്കുന്ന സ്പീഡ് ബോട്ടിന് തുറമുഖ വകുപ്പിന്റെ ലൈസൻസ് 09/8/2018 വരെ പ്രാബല്യത്തിൽ ഉള്ളതാണ്. |
| (സി) | വാട്ടർ സ്പോർട്ട്സ് പദ്ധതി നടത്തുന്നതിനായി എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ്, കേരള സംസ്ഥാന തുറമുഖ വകുപ്പ് കോസ്റ്റ് ഗാർഡ് ട്രെയിനിംഗ് സെന്റർ, സ്കൂൾ ഫോർ നേവൽ എയർമെൻ തുടങ്ങിയ ഈ രംഗത്തെ വിവിധ പരിശീലന സ്ഥാപനങ്ങളിൽ നിന്നും പവർബോട്ട് കൈകാര്യം ചെയ്യുന്നതിനും, ജീവൻ സുരക്ഷ ടെക്നിക്കിലും ഉൾപ്പെടെ പരിശീലനങ്ങളും സർട്ടിഫിക്കറ്റുകളും നേടിയിട്ടുള്ളവരാണ്, ചെറായി വാട്ടർ സ്പോർട്സിന്റെ ഓപ്പറേഷൻ/പരിശീലക വിഭാഗത്തിലുള്ളത്.<br>പ്രഥമ ശുശ്രൂഷ സേവനങ്ങളും അഗ്നി സുരക്ഷാ ഉപകരണങ്ങളുടേയും അനുബന്ധ സുരക്ഷ ഉപകരണങ്ങളുടേയും പ്രവർത്തന പരിചയം സിദ്ധിച്ചിട്ടുള്ളവരാണ്. കൂടാതെ ലൈഫ് ഗാർഡുകൾ എയർ ക്രൂ ഡൈവർ എന്നിവരുടെ സേവനവും ചെറായി ബീച്ചിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും ഇവർ അറിയച്ചിട്ടുണ്ട്. യാത്രക്കാർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് സംരംക്ഷണവും ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (ഡി) | സേവനദാതാവിൽ നിന്നും ബ്രാൻഡ് ഫീ കൈപ്പറ്റിയിട്ടുള്ള എറണാകുളം ഡി.ടി.പി.സിക്ക് പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള ഉത്തരവാദിത്തം, ചുമതല എന്നിവ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ഡി) | ചെറായി ബീച്ചിൽ ജലകായിക വിനോദ സൗകര്യങ്ങൾ സന്ദർശകർക്കായി ലഭ്യമാണെന്നുള്ള കാര്യം പരമാവധി പ്രചാരണത്തിനും വിപണനത്തിനുമായി എത്തിക്കുന്നതിനും സുരക്ഷിതമായ ജലകായിക വിനോദങ്ങളിലൂടെ ചെറായി ബീച്ചിലേക്ക് കൂടുതൽ സ്വദേശികളും വിദേശികളുമായ സന്ദർശകരെ ആകർഷിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | അതുവഴി ചെറായി ബീച്ചിന്റെ പ്രശസ്തി വർദ്ധിപ്പിക്കുകയെന്ന ഉത്തരവാദിത്തമാണ് ഡിറ്റിപിസിയ്ക്ക് ഈ സംരംഭവുമായുള്ളത്. ഇപ്രകാരമാണ് ഡിറ്റിപിസിയുടെ എംപാൻഡ് സേവന ദാതാക്കൾ എന്ന നിലയിൽ ഈ സാഹസിക ജല കായിക വിനോദ പരിപാടിയെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം ഡിറ്റിപിസി ഏറ്റെടുത്തിട്ടുള്ളത്. ഇവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ നിയമങ്ങളും ലൈസൻസുകളും ഉറപ്പാക്കികൊണ്ട് ഈ സംരംഭം നടത്തികൊണ്ടുപോകുന്നതിന്റെ പൂർണചുമതല ഇതിന്റെ സംരഭകനായി ശ്രീ.മെഷ് മനോഹരനിൽ നിക്ഷിപ്തമാണ്. ഇത് സംബന്ധിച്ച് ശ്രീ. മെഷ് മനോഹരൻ ഡിറ്റിപിസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ